ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കോടതി വഴിയോ ഉപയോഗം വഴിയോ വഖഫായ സ്വത്തുക്കൾ വഖഫ് പട്ടികയിൽ നിന്ന് ഒഴിവാക്കരുതെന്ന് സുപ്രീം കോടതി നിരീക്ഷണം. ഹർജികളിൽ വാദം നാളെയും തുടരും

   Supreme Court observes that properties declared by Courts as Waqf should not be de-notified, whether they are by "waqf-by-user" or "waqf by deed; Hearing on the petitions will continue tomorrow

2. ലഹരിക്കെതിരെ സംസ്ഥാനം ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ, രാഷ്ട്രീയ പാർട്ടികളുടെയും മതമേലധ്യക്ഷന്മാരുടെയും പിന്തുണ ഉറപ്പാക്കിയതായി മുഖ്യമന്ത്രി

   Chief Minister Pinarayi Vijayan said that the state will work together against drug abuse; and the Chief Minister has ensured the support of political parties and religious leaders

3. സുപ്രീംകോടതിയുടെ 52-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി ആർ ഗവായിയുടെ പേര് ശുപാർശ ചെയ്തു.

   Justice BR Gavai's name has been recommended as the 52nd Chief Justice of the Supreme Court.

4. ചൈനീസ് ഉൽപ്പന്നങ്ങൾക്ക് 245 ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്തുമെന്ന് പ്രഖ്യാപിച്ച് അമേരിക്ക, ബീജിംഗിന്റെ നടപടികളെ ന്യായീകരിച്ച് ചൈനീസ് വിദേശകാര്യ മന്ത്രാലയം

**The US announced that a sweeping new retaliatory tariffs of up to 245 per cent on imports of Chinese goods; and the Chinese Foreign Ministry defended Beijing's actions**

5. മഹാമാരികൾക്കെതിരെ ലോകത്തെ സജ്ജമാക്കാൻ ചരിത്രപരമായ കരാറിന് അന്തിമരൂപം നൽകി ലോകാരോഗ്യ സംഘടന

**World Health Organization finalized a historic agreement to prepare the world for future pandemics**

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസ് പോരാട്ടം. ടോസ് നേടിയ രാജസ്ഥാൻ റോയൽസ് ബൗളിംഗ് തിരഞ്ഞെടുത്തു.

**Delhi Capitals- Rajasthan Royals clash today in IPL cricket; Rajasthan Royals won the toss and elected to bowl.**

&&&&&&&&&&&&&&&&&&&

## SC WAQF LAW

കോടതി വഴിയോ ഉപയോഗം വഴിയോ വഖഫായ സ്വത്തുക്കൾ വഖഫ് പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പാടില്ലെന്ന് സുപ്രീംകോടതി നിരീക്ഷണം. വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികൾ പരിഗണിക്കുന്നതിനിടെയാണ് സുപ്രീം കോടതിയുടെ നിരീക്ഷണം. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ

നേതൃത്വത്തിൽ മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. എക്സ് ഒഫിഷ്യോ അംഗം ഒഴികെ വഖഫ് ബോർഡിലെയും സെൻട്രൽ വഖഫ് കൗൺസിലിലെയും എല്ലാ അംഗങ്ങളും മുസ്ലിം സമുദായത്തിൽപ്പെട്ടവരായിരിക്കണമെന്ന് കോടതി പറഞ്ഞു. ഹർജികളിൽ നാളെയും വാദം തുടരും. കോടതി ഉന്നയിച്ച വാദങ്ങളിൽ തങ്ങളുടെ ഭാഗം സാധൂകരിക്കുന്ന വസ്തുതകൾ തയ്യാറാക്കാൻ കൂടുതൽ സമയം വേണമെന്ന കേന്ദ്ര സർക്കാരിന്റെ ആവശ്യം പരിഗണിച്ചാണ് നാളെയും ഹർജിയിൽ വാദം തുടരാൻ കോടതി തീരുമാനിച്ചത്.

&&&&&&&&&&&&&&&&&&

**CM-KERALA-INTRO**

ലഹരിക്കെതിരെ സംസ്ഥാനം ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരി വിരുദ്ധ ക്യാംമ്പെയ്ൻ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നു ചേർന്ന മതമേലധ്യക്ഷന്മാരുടെ യോഗത്തിനും സർവ്വകക്ഷിയോഗത്തിനും ശേഷമാണ് തീരുമാനം. ലഹരി വ്യാപനം തടയുന്നതിന് ജൂൺ മാസം മുതൽ വിപുലമായ ക്യാമ്പെയ്ൻ ആരംഭിക്കും. വിദ്യാർത്ഥികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ച് നടത്തുന്ന ക്യാംമ്പെയ്നിൽ ജാതി-മത-രാഷ്ട്രീയ ഭേദമന്യേ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&

## EXPORT- IMPORT GROWTH

2024-25 കാലയളവിൽ ഇന്ത്യയുടെ മൊത്തം ചരക്കുകളുടെയും സേവനങ്ങളുടെയും കയറ്റുമതിയിൽ 5.5 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി വാണിജ്യ വ്യവസായ മന്ത്രാലയം. രാജ്യത്തിന്റെ മൊത്തം കയറ്റുമതി 820.93 ബില്യൺ ഡോളറിലെത്തി. രാജ്യത്തിൻറെ മൊത്തം ഇറക്കുമതി 915.19 ബില്യൺ ഡോളറുമാണ്. ഈ വർഷം മാർച്ചിൽ ഇന്ത്യയുടെ വ്യാപാര കമ്മി 21.54 ബില്യൺ ഡോളറായി വർദ്ധിച്ചു.

&&&&&&&&&&&&&&&&&&&

## US TARIFF-CHINA

ചൈനീസ് ഉൽപ്പന്നങ്ങൾക്ക് 245 ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്തുമെന്ന് പ്രഖ്യാപിച്ച് അമേരിക്ക. ഇതോടെ ഇരുരാജ്യങ്ങളും തമ്മിൽ നിലനിൽക്കുന്ന വ്യാപാര സംഘർഷം കൂടുതൽ രൂക്ഷമാകും. സൈനിക, ബഹിരാകാശ, സെമികണ്ടക്ടർ വ്യവസായങ്ങൾക്ക് നിർണായകമായ വസ്തുക്കളുടെ കയറ്റുമതിയിൽ ചൈന അടുത്തിടെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് എതിരെയുള്ള നടപടിയാണിതെന്ന് വൈറ്റ് ഹൗസ് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു. അതേസമയം ബീജിംഗിന്റെ നടപടികൾ നീതിയുക്തവും നിയമപരവുമാണെന്നും ചർച്ചകളിലൂടെ പ്രശ്നം

പരിഹരിക്കാൻ അമേരിക്ക ആഗ്രഹിക്കുന്നുവെങ്കിൽ, സമ്മർദ്ദവും ഭീഷണിപ്പെടുത്തലും നിർത്തണമെന്നും ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് ലിൻ ജിയാൻ പ്രതികരിച്ചു.

&&&&&&&&&&&&&&&&&&&

## WHO–AGREEMENT

മഹാമാരികൾക്കെതിരെ ലോകത്തെ സജ്ജമാക്കുന്നതിനുള്ള ചരിത്രപരമായ കരാറിന് ലോകാരോഗ്യ സംഘടന അന്തിമരൂപം നൽകി.മൂന്ന് വർഷത്തിലേറെ നീണ്ട ചർച്ചകൾക്ക് ശേഷമാണ് കരാറിന് അന്തിമരൂപം ആയത് . നിയന്ത്രണങ്ങൾ, ലൈസൻസിംഗ് കരാറുകൾ, ധനസഹായ വ്യവസ്ഥകൾ എന്നിവയിലൂടെ സാങ്കേതിക കൈമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് കരാറിന്റെ ലക്ഷ്യം .മഹാമാരിയെ പ്രതിരോധിക്കാനുള്ള ആരോഗ്യ സമീപനവും ആഗോള വിതരണ ശൃംഖലയും സ്ഥാപിക്കും. എന്നാൽ വികസ്വര രാജ്യങ്ങളിലേക്ക് വിവരങ്ങൾ കൈമാറുന്നത് സംബന്ധിച്ച് അംഗങ്ങൾക്കിടയിൽ ഭിന്ന അഭിപ്രായമുയർന്നു .

&&&&&&&&&&&&&&&&&&&

## CJI – GAVAI

ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ബി ആർ ഗവായിയുടെ പേര് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ശുപാർശ

ചെയ്യും. സുപ്രീം കോടതിയിലെ ഏറ്റവും മുതിർന്ന രണ്ടാമത്തെ ജഡ്ജിയാണ് ജസ്റ്റിസ് ഗവായ്. കേന്ദ്ര നിയമ മന്ത്രാലയം അംഗീകരിച്ചുകഴിഞ്ഞാൽ, ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ഗവായ് ചുമതലയേൽക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ കാലാവധി അടുത്ത മാസം 13 ന് അവസാനിക്കും.

&&&&&&&&&&&&&&&&&&

## ROAD SAFETY – SCHOOLS

രാജ്യത്തുടനീളമുള്ള സ്കൂളുകളിൽ സഡക് സുരക്ഷാ അഭിയാൻ വ്യാപിപ്പിക്കും . ഇതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം- റോഡ്, ഗതാഗത, ഹൈവേ മന്ത്രാലയവുമായി സഹകരിച്ച് പ്രവർത്തിക്കും . റോഡ് സുരക്ഷ എന്ന വിഷയത്തിൽ ഇന്ന് ന്യൂഡൽഹിയിൽ നടന്ന യോഗത്തിലാണ് തീരുമാനം .സ്കൂൾ തലത്തിൽ തന്നെ റോഡ് സുരക്ഷാ സംസ്കാരം പ്രോത്സാഹിപ്പിക്കുകയും ഉത്തരവാദിത്തമുള്ള ഡ്രൈവിംഗ് പെരുമാറ്റങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യം .

&&&&&&&&&&&&&&&&&&

## JAYSANKAR –INTRO

ഗുജറാത്തിലെ ലോത്തലിൽ നിർമ്മിക്കുന്ന ദേശീയ മാരിടൈം ഹെറിറ്റേജ് കോംപ്ലക്സിൻറെ പ്രവർത്തന പുരോഗതി കേന്ദ്ര

വിദേശകാര്യമന്ത്രി എസ്.ജയ് ശങ്കർ ഇന്ന് വിലയിരുത്തി. കോംപ്ലക്സിൻറെ ആദ്യഘട്ട നിർമ്മാണം ഈ വർഷം പൂർത്തിയാകുമെന്ന് ശ്രീ.ജയ് ശങ്കർ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

ചരിത്രപ്രാധാന്യമുള്ള ലോത്തലിൽ മാരിടൈം ഹെറിട്ടേജ് കോംപ്ലക്സ് പൂർത്തിയാകുന്നതോടെ സമുദ്രമേഖലയിൽ രാജ്യത്തിൻറെ നില ശക്തിപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## NCW-MURSHIDABAD

പശ്ചിമ ബംഗാളിലെ മുർഷിദാബാദിലുണ്ടായ അക്രമത്തെക്കുറിച്ച് അന്വേഷിക്കാൻ ദേശീയ വനിതാ കമ്മീഷൻ അന്വേഷണ സമിതി രൂപീകരിച്ചു. വനിതാ കമ്മീഷൻ ചെയർപേഴ്സണന്റെ നേതൃത്വത്തിലുള്ള നാലംഗ സമിതി, പ്രദേശങ്ങൾ സന്ദർശിച്ച് ജില്ലാ മജിസ്ട്രേറ്റുമായും പോലീസ് സൂപ്രണ്ടുമായും കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## RAILWAY-VAISHNAW

ഇന്ത്യയിലെ ആദ്യ ട്രെയിൻ യാത്രയുടെ 172-ാാം വാർഷികത്തെ അനുസ്മരിച്ച് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.1853 ഏപ്രിൽ 16-ന് മഹാരാഷ്ട്രയിലെ ബോറി

ബന്ദറിൽ നിന്ന് താനെയിലേക്കാണ് ആദ്യ ട്രെയിൻ പുറപ്പെട്ടത്. ഇന്ത്യൻ റെയിൽവേയുടെ പിറവിയെ അടയാളപ്പെടുത്തുന്ന, രാജ്യത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ഈ ദിനമെന്ന് കേന്ദ്രമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**CENTRAL RAILWAY-ATM**

രാജ്യത്ത് ആദ്യമായി ട്രെയിനിനുള്ളിൽ എ.ടി.എം പ്രവർത്തനക്ഷമമാക്കി സെൻട്രൽ റെയിൽവേ. മുംബൈ-മൻമദ് പഞ്ചവടി എക്സ്പ്രസിനുള്ളിലാണ് എ.ടി.എം. സ്ഥാപിച്ചത്.

&&&&&&&&&&&&&&&&&&

**IPL**

ഐ.പി.എൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസും രാജസ്ഥാൻ റോയൽസും ഏറ്റുമുട്ടുന്നു. ടോസ് നേടിയ രാജസ്ഥാൻ റോയൽസ് ബൗളിംഗ് തിരഞ്ഞെടുത്തു. ന്യൂഡൽഹി അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**MAUNDY THURSDAY**

ലോകമെങ്ങുമുള്ള ക്രൈസ്തവർ നാളെ പെസഹാ ആചരിക്കും. കുരിശുമരണം വരിക്കുന്നതിനു മുൻപായി

യേശു തന്റെ ശിഷ്യന്മാരോടൊപ്പം അവസാന അത്താഴ വേളയിൽ അവരുടെ കാലുകൾ കഴുകിയതിന്റെ ഓർമ്മ പുതുക്കൽ കൂടിയാണ് ഈ ദിനം. നാളെ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയ്ക്കു പുറമേ പ്രത്യേക പ്രാർത്ഥനകളും കാൽ കഴുകൽ ശുശ്രൂഷയും വീടുകളിൽ പെസഹാ അപ്പം മുറിക്കുന്ന ചടങ്ങും ഉണ്ടാകും.

&&&&&&&&&&&&&&&&&&&

## MODI – FINLAND PRESIDENT

ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധം ശക്തമാക്കുന്നതിനും , സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം അവസാനിപ്പിക്കുന്നതിനും ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ച് ഫിൻലൻഡ്.പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഫിൻലാൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബ് നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് പിന്തുണ അറിയിച്ചത് . ഉക്രെയ്നിലെ സാഹചര്യം ഉൾപ്പെടെ ആഗോള, പ്രാദേശിക വിഷയങ്ങളിൽ ഇരു നേതാക്കളും അഭിപ്രായങ്ങൾ കൈമാറി.

&&&&&&&&&&&&&&&&&&&

## ED-ROBERT VADRA

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുതിർന്ന കോൺഗ്രസ് നേതാവ്

പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ തുടർച്ചയായ രണ്ടാം ദിവസവും എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തു. വാദ്രയുടെ കമ്പനി ഗുരുഗ്രാമിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടാണ് കേസ്.

&&&&&&&&&&&&&&&&&&

**NATIONAL HERALAD**

നാഷണൽ ഹെറാൾഡ് കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സോണിയ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും പ്രതിയാക്കിയ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ നടപടിക്കെതിരെ രാജ്യവ്യാപകമായി പ്രതിഷേധിച്ച് കോൺഗ്രസ്. പ്രതികാര രാഷ്ട്രീയത്തിന്റെ ഭാഗമാണ് നടപടിയെന്ന് കോൺഗ്രസ് നേതാക്കൾ വിമർശനം ഉന്നയിച്ചു. എന്നാൽ ഇ.ഡിയെ ഭയപ്പെടുത്താനുള്ള നീക്കമാണ് കോൺഗ്രസ് നടത്തുന്നതെന്ന് ബിജെപി നേതാക്കൾ കുറ്റപ്പെടുത്തി.

&&&&&&&&&&&&&&&&&&

**HC-NOTICE**

മുഖ്യമന്ത്രിയുടെ മകൾ ഉൾപ്പെട്ട സിഎംആർഎൽ-എക്സാലോജിക് പണമിടപാടിൽ സിബിഐ അന്വേഷണം ആവശ്യപ്പെടുന്ന ഹർജിയിൽ, മുഖ്യമന്ത്രി പിണറായി വിജയനും മകൾ വീണയ്ക്കും ഹൈക്കോടതി നോട്ടിസ്.

ഇൻററിം സെറ്റിൽമെൻറ് ബോർഡിൻറെ റിപ്പോർട്ടിലെ പേരുകൾ കേന്ദ്ര സർക്കാർ ഹാജരാക്കണം എന്നും കോടതി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## INDIA-RETAIL INFLATION

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ചില്ലറ പണപ്പെരുപ്പം 4.6 ശതമാനമായി കുറഞ്ഞു.

ആറ് വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കാണിത്. ഉപഭോക്തൃ വില സൂചിക പണപ്പെരുപ്പ നിരക്ക് 3.34 ശതമാനമായി കുറഞ്ഞെന്നും ധനകാര്യ മന്ത്രാലയം അറിയിച്ചു . ഈ നേട്ടം ഈ ഫലം കൈവരിക്കുന്നതിൽ സർക്കാരിന്റെ

തന്ത്രപരമായ ഇടപെടൽ നിർണായകമായെന്നും മന്ത്രാല യം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## PUNJAB-BSF

പഞ്ചാബിൽ, അന്താരാഷ്ട്ര അതിർത്തിക്ക് സമീപം മയക്കുമരുന്ന് കടത്തുന്നതിനിടെ ഒരു സ്ത്രീ ഉൾപ്പെടെ മൂന്ന് പേരെ പിടികൂടി. അതിർത്തി സുരക്ഷാ സേനയും സംസ്ഥാനത്തെ സ്പെഷ്യൽ ഓപ്പറേഷൻ സെല്ലും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഇവർ പിടിയിലായത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&